? ചോദ്യോത്തരം
മുജീബ്

# എം.കെ മുനീറിന്റെ സാമ്രാജ്യത്വ ദാസ്യം

■ *"ബാബരി മസ്ജിദ് ധ്വംസനത്തിനു ശേഷം വൈകാരിക, വർഗീയ രാഷ്ട്രീയത്തിന്റെ പ്രയോക്താക്കളും ഗുണഭോക്താക്കളുമായി കേരളത്തിന്റെ വോട്ടു രാഷ്ട്രീയത്തിൽ ഇടപെട്ട് തുടങ്ങിയ പ്രസ്ഥാനങ്ങളാണ് ജമാഅത്തെ ഇസ്‌ലാമിയും പി.ഡി.പിയും എൻ.ഡി.എഫും. ദില്ലിയിലെ ഷാഹി ഇമാം കൊട്ടയിൽ വോട്ട് നിറച്ച് വില പേശി വിൽക്കാനായി എങ്ങനെ നടന്നുവോ അതേ മാർഗത്തിലാണ് കേരളത്തിലെ ഈ സംഘടനകളും സഞ്ചരിക്കുന്നത്.*
*സാമ്രാജ്യത്വ വിരോധം, ആഗോളീകരണ വിരുദ്ധത, പരിസ്ഥിതി പ്രണയം, ആദിവാസി-ദലിത് ശാക്തീകരണം എന്നിവയുടെയൊക്കെ മൊത്തക്കച്ചവടക്കാർ തങ്ങളാണെന്ന ഭാവേനയാണ് രണ്ട് ദശാബ്ദത്തിലേറെയായി ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ പ്രത്യയശാസ്ത്രത്തിന് വേരോട്ടമുള്ള കേരളത്തിൽ ഇടതുപക്ഷത്തേക്കാൾ ഇടത് വീര്യമുള്ളവർ തങ്ങളാണെന്ന് വരുത്തിത്തീർക്കാനും അതുവഴി കേരളീയ സമൂഹത്തിൽ പൊതുസമ്മതി നേടാനുമായിരുന്നു ഈ പ്രഛന്ന വേഷം ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചത്" (ഡോ. എം.കെ മുനീർ,* മാതൃഭൂമി *ആഴ്ചപ്പതിപ്പ്, 2009 മെയ് 31, പേജ് 22-26).*
മുജീബിന്റെ *പ്രതികരണം?*

***ടി. നാസിറുദ്ദീൻ പെരിമ്പലം***

**2001** സെപ്റ്റംബർ 11-ലെ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിനു ശേഷം അമേരിക്ക ആഗോള വ്യാപകമായി ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കെതിരെ ആരംഭിച്ച മനഃശാസ്ത്രയുദ്ധത്തിന് മാനസികമായി അടിപ്പെട്ട ബുദ്ധിജീവികളെയും മതപണ്ഡിതന്മാരെയും മുസ്‌ലിം ലോകത്തുടനീളം കാണാം. തീവ്രവാദത്തിനും ഭീകരതക്കും സാമ്രാജ്യത്വത്തിന് തങ്ങളുടേതായ നിർവചനവും പരിപ്രേക്ഷ്യവും ഉണ്ട്. അതിനെ വിമർശനാത്മകമായി വിലയിരുത്താൻ പോലും മിനക്കെടാതെ 'തത്തമ്മേ, പൂച്ച പൂച്ച' ഉരുവിടുകയാണ് ബുദ്ധിജീവി നാട്യക്കാരുടെ ശൈലി. അമ്പേ പരാജയപ്പെട്ടുകഴിഞ്ഞ മുതലാളിത്തത്തിനും കമ്യൂണിസത്തിനും ബദലായി ചൂഷണരഹിതവും സമാധാനദായകവുമായ ഒരു ധാർമിക ബദലാണ് ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മുമ്പോട്ട് വെക്കുന്നതെന്ന സത്യം കാണാനോ പഠിക്കാനോ തയാറാവാതെ തികഞ്ഞ മുൻവിധിയോടെ സാമ്രാജ്യത്വവാദികളെ പ്രീതിപ്പെടുത്തുകയാണിവർ ചെയ്യുന്നത്. അക്കൂട്ടത്തിൽ അണിചേർന്നിരിക്കുകയാണ് ഭിഷഗ്വരനും കലാകാരനും പ്രസാധകനും ചാനൽ ഉടമയുമൊക്കെയായ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി എം.കെ മുനീറും. അതദ്ദേഹത്തിന്റെ സ്വാതന്ത്ര്യം. പക്ഷേ, ഏത് സംവാദത്തിന്റെയും പ്രാഥമിക താൽപര്യമാണ് ബുദ്ധിപരമായ സത്യസന്ധത. *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ (2009 മെയ് 31) മുനീർ എഴുതിയ ലേഖനം തെരഞ്ഞെടുപ്പ് വിജയലഹരിയിലെ ഔദ്ധത്യപൂർണമായ ആക്രോശം എന്നതിൽ കവിഞ്ഞ് വസ്തുനിഷ്ഠമായ വിമർശനം പോലുമല്ല.

1992 ഡിസംബർ ആറിനായിരുന്നു ബാബരി മസ്ജിദ് ധ്വംസനം. കിരാതമായ ആ നടപടിയിൽ നടുക്കവും വേദനയും പ്രകടിപ്പിക്കുക മാത്രം ചെയ്ത ജമാഅത്തെ ഇസ്‌ലാമിയെ മുനീറിന്റെ പാർട്ടി കൂടി പിന്താങ്ങുന്ന പി.വി നരസിംഹറാവു സർക്കാർ ഡിസംബർ 11ന് നിഷ്കരുണം നിരോധിച്ചു. തീർത്തും അന്യായവും ഭരണഘടനാ വിരുദ്ധവുമായ ഈ നടപടിയെ അപലപിക്കാനുള്ള മാനുഷിക ധർമം പോലും മുനീറിനോ അദ്ദേഹത്തിന്റെ പാർട്ടിക്കോ ഉണ്ടായില്ല. അപലപിച്ച പ്രസിഡന്റ് ഇബ്റാഹീം സുലൈമാൻ സേട്ടിനെ കിട്ടിയ അവസരം ഉപയോഗിച്ച് സ്ഥാനഭ്രഷ്ടനാക്കാൻ മുസ്‌ലിംലീഗ് സമർപ്പിച്ച കുറ്റപത്രത്തിൽ ഒരിനം ജമാഅത്ത് നിരോധത്തെ അപലപിച്ചു എന്നതായിരുന്നു താനും. നിരോധിത ജമാഅത്തെ ഇസ്‌ലാമി 'ബാബരി മസ്ജിദ് ധ്വംസനത്തിന് ശേഷം' വൈകാരിക വർഗീയ രാഷ്ട്രീയത്തിന്റെ പ്രയോക്താക്കളും ഗുണഭോക്താക്കളുമായി മാറി എന്നാണ് ഇപ്പോൾ മുനീർ സാഹിബ് പറയുന്നത്. യഥാർഥത്തിൽ സംഭവിച്ചതോ? നിരോധത്തെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തപ്പോൾതന്നെ, മറുവശത്ത് രാജ്യത്ത് ജനാധിപത്യവും സാമുദായിക മൈത്രിയും മനുഷ്യാവകാശ സംരക്ഷണവും ശക്തിപ്പെടുത്താൻ മതേതര ജനാധിപത്യവാദികളായ പൊതു പ്രവർത്തകരെ ഉൾപ്പെടുത്തി വിശാലമായ വേദി രൂപവത്കരിച്ച് സജീവ രംഗത്തിറങ്ങാനാണ് ജമാഅത്തെ ഇസ്‌ലാമി സന്ദർഭം ഉപയോഗിച്ചത്. തദ്ഫലമായാണ് ജസ്റ്റിസ് വി.എം. താർക്കുണ്ഡെ, ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, കുൽദീപ് നയ്യാർ, സ്വാമി അഗ്നിവേശ്, ജസ്റ്റിസ് പാട്ടീൽ പുട്ടപ്പ, മുചുകുന്ദ് ദുബെ തുടങ്ങിയ പ്രഗത്ഭർ അണിനിരന്ന എഫ്.ഡി.സി.എ രൂപവത്കരിക്കപ്പെട്ടത്. ഈ വേദി വർഗീയവിദ്വേഷം വളർത്തുകയായിരുന്നില്ല, വിദ്വേഷാഗ്നി തല്ലിക്കെടുത്തുകയായിരുന്നു. മുനീറിന്റെ മുസ്‌ലിം ലീഗോ? ഇന്ത്യൻ മുസ്‌ലിം സമൂഹത്തിന്റെ മൊത്തം വികാരങ്ങൾക്ക് വിരുദ്ധമായി കോൺഗ്രസ്സിനോടൊപ്പം അധികാരസുഖം

അനുഭവിക്കുകയായിരുന്നു.

മുനീർ ഇപ്പോൾ ഉന്നയിച്ച എല്ലാ ആരോപണങ്ങളുടെയും അടിവേരറുത്തുകൊണ്ട് സുപ്രീം കോടതി ജമാഅത്തിന്റെ വിലക്ക് നീക്കിയപ്പോൾ സംഘടന വീണ്ടും പ്രവർത്തനക്ഷമമായി. തുടർന്ന് നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും മതനിരപേക്ഷ ജനാധിപത്യ പാർട്ടികൾക്കും മുന്നണികൾക്കും അനുകൂലമായാണ് ജമാഅത്ത് വിധി എഴുതിയത്. അതിന്റെ ഗുണഭോക്താക്കളിൽ നിശ്ചയമായും കോൺഗ്രസ്സും മുസ്‌ലിംലീഗും ഉണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്. ഒരു ഘട്ടത്തിലും ജമാഅത്ത് പിന്തുണ വേണ്ടെന്ന് ലീഗ് പറഞ്ഞിട്ടില്ല. കൂട്ടത്തിൽ ഉറച്ച മതേതരത്വ പ്രതിബദ്ധതയുള്ള ഇടതുപക്ഷത്തെക്കൂടി ഉൾപ്പെടുത്തിയതാണ് മുനീറിനെ ചൊടിപ്പിച്ചിരിക്കുന്നത്. ഇതേ ഇടതുപക്ഷത്തോടൊപ്പം കേരളത്തിൽ ഭരണം പങ്കിട്ട പാർട്ടിയാണ് മുസ്‌ലിം ലീഗ്. നാലര കൊല്ലക്കാലം ഇടതുമുന്നണിയുടെ പിന്തുണയോടെയാണ് ലീഗ് നേതാവ് കേന്ദ്രമന്ത്രിസഭയിൽ പങ്കാളിയായതും. അതൊന്നും തെറ്റോ കുറ്റമോ അല്ലെങ്കിൽ ഏതാനും മണ്ഡലങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി ഇടതുസ്ഥാനാർഥികൾക്ക് വോട്ട് നൽകിയത് മാത്രം മഹാപാതകമാവുന്നതെങ്ങനെ എന്ന് മുനീർ വിശദീകരിക്കുന്നില്ല.

മധ്യവർത്തികളായ ആദർശ പ്രബോധക സമുദായമാണ് മുസ്‌ലിംകളെന്ന് ഖുർആന്റെ അടിസ്ഥാനത്തിൽ ഉദ്ബോധിപ്പിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനം വലത്തോ ഇടത്തോ അല്ല, ആവാൻ ശ്രമവുമില്ല. സമകാലിക ലോകത്ത് സാമ്രാജ്യത്വവും നവകൊളോണിയലിസവും കുത്തക മുതലാളിത്തവും മുഖ്യ ഭീഷണികളായി ഉയർന്നപ്പോൾ തത്ത്വാധിഷ്ഠിതമായി അതിനെ എതിർക്കുന്നു എന്നതുകൊണ്ട് ജമാഅത്ത് ഇടത്താവുന്നില്ല. കമ്യൂണിസ്റ്റ് പാർട്ടികളോടുള്ള ആദർശസമരം ഒരു ഘട്ടത്തിലും പ്രസ്ഥാനം ഉപേക്ഷിച്ചിട്ടുമില്ല. കഴിഞ്ഞ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ ജമാഅത്തിന്റെ പിന്തുണ ഇടതുമുന്നണിക്കായിരുന്നു. മുന്നണി 98 സീറ്റുകളിൽ വൻ വിജയം നേടിയപ്പോൾ അത് തങ്ങളുടെ പിന്തുണകൊണ്ടാണെന്ന് സംഘടന അവകാശപ്പെട്ടിട്ടില്ല. മുനീറും കൂട്ടരും അത് സമ്മതിച്ചിട്ടുമില്ല. എങ്കിൽ ഇത്തവണ ഇടതുമുന്നണി പരാജയപ്പെട്ടതും ജമാഅത്ത് പിന്തുണ മൂലമാണെന്ന് വാദിക്കാതിരിക്കാനുള്ള മര്യാദ കാട്ടണം. വിഭാഗീയതയും ആഭ്യന്തര വൈരുധ്യങ്ങളും ഭരണമോശവും ജമാഅത്തെ ഇസ്‌ലാമി സൃഷ്ടിച്ചതല്ല. തോൽവിക്ക് കാരണങ്ങൾ അതൊക്കെയാണെന്ന് എല്ലാവർക്കും അറിയാം. മുനീർ ക്ലീൻ സർട്ടിഫിക്കറ്റ് കൊടുക്കുന്ന സാമ്പ്രദായിക മതസംഘടനകളിൽനിന്ന് ഭിന്നമായി തുടക്കം മുതൽക്കേ രാഷ്ട്രീയത്തിൽ ആദർശാധിഷ്ഠിതമായി ഇടപെട്ടുവന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിപ്പോഴും ശക്തമായി തുടരുന്നു. ഇനിയും തുടരും; ഇടതോ വലതോ സഹകരിച്ചാലും ശരി ഇല്ലെങ്കിലും ശരി. ധർമബോധമുള്ള ജനങ്ങളിലാണ് പ്രസ്ഥാനത്തിന്റെ പ്രതീക്ഷ. താൽക്കാലിക ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി അതിനെ തകർക്കാൻ ശ്രമിക്കുന്നവർ ചരിത്രത്തിൽനിന്ന് പാഠം പഠിക്കുന്നില്ല. പരലോക പരിണതിയെക്കുറിച്ച് ചിന്തിക്കുന്നുമില്ല.

## നരേന്ദ്രൻ പാക്കേജും എക്സ്പ്രസ് ഹൈവേയും

■ *"കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തെ പിന്തുണക്കാൻ ജമാഅത്തെ ഇസ്‌ലാമി കണ്ടെത്തിയ മൂലകാരണങ്ങളിലൊന്ന് നരേന്ദ്രൻ കമീഷൻ റിപ്പോർട്ടിൽ പറയാതെ പറഞ്ഞ സ്പെഷൽ റിക്രൂട്ട്മെന്റ് നടപ്പാക്കാൻ യു.ഡി.എഫ് ഭരണകൂടം ശുഷ്കാന്തി കാണിച്ചില്ല എന്നതായിരുന്നു. 2006ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം അധികാരത്തിൽ വരികയും സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനെന്ന നാട്യത്തിൽ പാലോളി കമ്മിറ്റി ഉണ്ടാക്കുകയും അതിൽ ജമാഅത്തെ ഇസ്‌ലാമിയുടെ വക്താവിനെ ഉൾപ്പെടുത്തുകയും ചെയ്തു. മാസങ്ങൾ നീണ്ടുനിന്ന അധരവ്യായാമങ്ങൾക്കും ന്യൂനപക്ഷ വോട്ടുകളിൽ കണ്ണും നട്ടുള്ള ചിന്തൻ ബൈഠക്കുകൾക്കും ശേഷം പാലോളി കമ്മിറ്റി എത്തിച്ചേർന്ന നിഗമനം ഇതാണ്: സ്പെഷൽ റിക്രൂട്ട്മെന്റ് നടപ്പിൽ വരുത്തുക പ്രയാസമാണ്. അതിനാൽ വേറെ മാർഗങ്ങൾ ഉണ്ടോ എന്നാരായണം. മുസ്‌ലിംലീഗ് സ്പെഷൽ റിക്രൂട്ട്മെന്റ് വിഷയത്തിൽ വാതിലുകൾ അടച്ചിരുന്നില്ല. കേരളത്തിലെ സാമുദായിക സന്തുലിതാവസ്ഥയെ പോറലേൽപിക്കാത്ത വിധത്തിൽ അതെങ്ങനെ യാഥാർഥ്യമാക്കാമെന്നായിരുന്നു അക്കാലത്ത് ഞങ്ങളുടെ സജീവ ചിന്താവിഷയം. എന്നാൽ ആ വിഷയത്തെ ജമാഅത്തെ ഇസ്‌ലാമി എന്നെന്നേക്കുമായി ചവറ്റുകുട്ടയിലേക്കെറിഞ്ഞു.*

*ജമാഅത്തിന്റെ യുവജന സംഘടനയായ സോളിഡാരിറ്റിയെ മുൻനിർത്തിയാണ് മാതൃസംഘടന എക്സ്പ്രസ് ഹൈവേക്ക് എതിരെയുള്ള യുദ്ധമുഖം തുറന്നത്. അന്ന് പരിസ്ഥിതിവാദത്തിന്റെ പ്രണേതാക്കളായി രംഗത്തുവന്ന സോളിഡാരിറ്റിക്കാർ മരം മുറിച്ചും മലതുരന്നും നദി നികത്തിയും നിർമിക്കുന്ന എക്സ്പ്രസ് ഹൈവേ പരിസ്ഥിതിയെ തകർക്കുന്ന വിനാശ പാതയാണെന്നും അതിനാൽ അത് അനിസ്‌ലാമികമാണെന്നുമായിരുന്നു പറഞ്ഞിരുന്നത്. എക്സ്പ്രസ് ഹൈവേ എന്ന പേരുതന്നെ ശരിയല്ലെന്നും അവർ മൊഴിഞ്ഞു. ഇ.കെ നായനാരാണ് അതിവേഗ പാതക്ക് ആ പേരു നൽകിയതെന്ന കാര്യം അവർ സൗകര്യപൂർവം വിസ്മരിച്ചു. ഇടതുപക്ഷത്തിന്റെ അധികാരപ്രവേശത്തോടെ എക്സ്പ്രസ് ഹൈവേ തെക്കു-വടക്ക് സൗഹൃദ പാത എന്ന നവനാമത്തിൽ അവതരിച്ചു. പേരിൽ സൗഹൃദം എന്ന നല്ല പദമുള്ളതുകൊണ്ടാണോ തെക്കു വടക്ക് എന്ന ദിശാസൂചകമുള്ളതുകൊണ്ടാണോ എന്നറിയില്ല ഇപ്പോൾ സോളിഡാരിറ്റിക്കാർക്ക് മിണ്ടാട്ടമില്ല. മരംമുറിക്കാതെയും മണ്ണെടുക്കാതെയും നിർമിച്ചേക്കാവുന്ന ഈ നിർദിഷ്ട സൗഹൃദപാത മാനത്തുകൂടിയാണ് പോകുകയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു" (എം.കെ മുനീർ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 2009 മെയ് 31). പ്രതികരണം?*

***പി.എം റീബ വളപട്ടണം***

**നാല്** മുസ്‌ലിം ലീഗ് മന്ത്രിമാരും ഒരു കോൺഗ്രസ് മുസ്‌ലിം മന്ത്രിയും ചേർന്നു അഞ്ചു വർഷക്കാലം സംസ്ഥാനം ഭരിച്ചിട്ടും പിന്നാക്ക സമുദായങ്ങൾക്ക് നൽകിയ വാഗ്ദാനം പാലിക്കാനോ നരേന്ദ്രൻ കമീഷൻ കണ്ടെത്തിയ 18000 തസ്തികകളിലെ ബാക് ലോഗ് നികത്താനോ കഴിഞ്ഞില്ല. ഒടുവിൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി സ്ഥാനമേറ്റു കാലാവധി അവസാനിക്കാറായപ്പോൾ നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് ഒരു പാക്കേജ് പ്രഖ്യാപിച്ചു. സമുദായത്തിന് നഷ്ടപ്പെട്ട ഒരു പൂർണ തസ്തിക നികത്താൻ പോലും അതിൽ വ്യവസ്ഥയില്ലായിരുന്നു. മേലിൽ സംവരണ നഷ്ടം ഇല്ലാതാക്കാൻ പി.എസ്.സി നിയമനങ്ങൾ ക്രമീകരിക്കും എന്ന ഏക ഇന പരിപാടിയായിരുന്നു പാക്കേജ്. അതുതന്നെയാണ് നരേന്ദ്രൻ കമീഷൻ പാക്കേജ് എന്ന് മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി പ്രഖ്യാപിക്കുകയും ചെയ്

തു. ജമാഅത്തെ ഇസ്‌ലാമി പുതിയ പാക്കേജിനെ സ്വാഗതം ചെയ്തതോടൊപ്പം, നഷ്ടമായ തസ്തികകള്‍ നികത്തുന്നതിനെപ്പറ്റി പാക്കേജ് തീര്‍ത്തും നിശ്ശബ്ദമായതിനാല്‍ നരേന്ദ്രന്‍ കമീഷന്‍ പാക്കേജ് എന്ന് അതേപ്പറ്റി അവകാശപ്പെടരുതെന്നും അവകാശപ്പെട്ടാല്‍ ഇനിയൊരു സര്‍ക്കാറും അതിലേക്ക് തിരിഞ്ഞു നോക്കാത്ത സ്ഥിതിയുണ്ടാവുമെന്നും ചൂണ്ടിക്കാട്ടി.

തെരഞ്ഞെടുപ്പില്‍ ഇടതുമുന്നണിക്ക് പിന്തുണ നല്‍കാന്‍ ജമാഅത്തെ ഇസ്‌ലാമി മുന്നോട്ടുവെച്ച ഉപാധികളിലൊന്ന് നരേന്ദ്രന്‍ കമീഷന്‍ ശിപാര്‍ശകള്‍ നടപ്പാക്കണമെന്നതായിരുന്നു. വന്‍ഭൂരിപക്ഷത്തോടെ ഇടതു മുന്നണി അധികാരത്തില്‍വന്നു. വൈകാതെ സച്ചാര്‍ കമ്മിറ്റി റിപ്പോര്‍ട്ട് കേരളത്തില്‍ നടപ്പാക്കുന്നത് സംബന്ധിച്ച നിര്‍ദേശങ്ങള്‍ സമര്‍പ്പിക്കാന്‍ പാലോളി കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിക്ക് ജമാഅത്ത് നല്‍കിയ നിവേദനങ്ങളിലൊക്കെയും നരേന്ദ്രന്‍ റിപ്പോര്‍ട്ട് നടപ്പാക്കണമെന്ന് ഊന്നിപ്പറഞ്ഞു. പാലോളി കമ്മിറ്റിയുടെ ശിപാര്‍ശകളില്‍ അത് ഉള്‍പ്പെടുത്തുകയും സര്‍ക്കാര്‍ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷല്‍ റിക്രൂട്ട്മെന്റ് നടപ്പാക്കുക പ്രയാസകരമാണ് എന്ന് റിപ്പോര്‍ട്ടിലില്ല. പകരം, അതേപ്പറ്റി പഠിച്ച് റിപ്പോര്‍ട്ട് സമര്‍പ്പിക്കാന്‍ ആറു മാസത്തിനകം വിദഗ്ധ സമിതിയെ നിയോഗിക്കണമെന്നാണ് ശിപാര്‍ശ. അതേ സമയം ഉമ്മന്‍ ചാണ്ടി സര്‍ക്കാര്‍ കൊണ്ടുവന്ന പാക്കേജ് തന്നെ മതിയെന്ന് തീരുമാനിച്ച മുസ്‌ലിം ലീഗിനിപ്പോള്‍ സ്പെഷല്‍ റിക്രൂട്ട്മെന്റിനെ കുറിച്ച് സംസാരിക്കാന്‍ എന്തവകാശം?

507 കിലോമീറ്റര്‍ നീളവും 7 മീറ്റര്‍ ഉയരവുമുള്ള എട്ട് വരിപ്പാതയായിരുന്നു മുനീര്‍ മന്ത്രിയായിരിക്കെ അവതരിപ്പിച്ച എക്സ്പ്രസ് ഹൈവേ. റിയല്‍ എസ്റ്റേറ്റ് ഇടപാടായിരുന്നു അതിന്റെ അന്തസ്സത്ത. വന്‍ പാരിസ്ഥിതിക ദൂഷ്യങ്ങള്‍ക്കും അത് ഇടവരുത്തുമായിരുന്നു. ഈ വസ്തുതകളെല്ലാം വിശദമായി ചൂണ്ടിക്കാട്ടി ജമാഅത്തും സോളിഡാരിറ്റിയും നിര്‍ദേശത്തെ എതിര്‍ത്തു; പാരിസ്ഥിതിക പ്രത്യാഘാതങ്ങള്‍ കുറഞ്ഞ നാല് വരിപാതയെ അനുകൂലിക്കുകയും ചെയ്തു. ആ നിലപാടില്‍ ഇപ്പോഴും മാറ്റമില്ലെന്നിരിക്കെ, അഴിമതിയാരോപണങ്ങള്‍ക്ക് ശരവ്യനായ മുനീറിന്റെ നഷ്ടബോധം എന്തുകൊണ്ട് എന്ന് ബുദ്ധിയുള്ളവര്‍ക്ക് മനസ്സിലാക്കാനാവും.

## കമലാ സുറയ്യയുടെ മയ്യിത്ത്

■ *കമലാ സുറയ്യയുടെ മയ്യിത്ത് സംസ്കരണത്തിലും നമസ്കാരത്തിലും സ്ത്രീകളടക്കം അമുസ്‌ലിംകള്‍ പങ്കെടുത്തു കണ്ടു. ഇതിന് വല്ല മാതൃകയും ഇസ്‌ലാമിലുണ്ടോ?*

***പി.സിഎസ് പുത്തൂര്‍. പള്ളിക്കല്‍***

വിലക്കുകള്‍ ശ്രദ്ധയില്‍ പെട്ടിട്ടില്ല. ഇതുപോലുള്ള അനുഭവങ്ങള്‍ക്കും മുന്‍ മാതൃക ഇല്ലാത്തതിനാല്‍ ചടങ്ങുകളിലെ അമുസ്‌ലിം പങ്കാളിത്തവും മുന്‍ മാതൃക ഇല്ലാത്തതാവാനാണ് സാധ്യത. മയ്യിത്ത് നമസ്കാരവും സംസ്കരണവും മുസ്‌ലിംകളുടെ സാമൂഹിക ബാധ്യതയാണ്. കമലാ സുറയ്യയുടെ കാര്യത്തില്‍ അവരുടെയും മക്കളുടെയും താല്‍പര്യം കൂടി കണക്കിലെടുത്ത് മുസ്‌ലിംകള്‍ ബാധ്യത നിറവേറ്റി. മറ്റുള്ളവരുടെ പങ്കാളിത്തം മതസൗഹാര്‍ദത്തിന്റെ മികച്ച മാതൃകയായി. യഹൂദിയുടെ ശവക്കട്ടില്‍ കണ്ടപ്പോള്‍ ആദരപൂര്‍വം എഴുന്നേറ്റുനിന്നതാണല്ലോ പ്രവാചക മാതൃക. ആരുടേതായാലും പ്രാര്‍ഥനയുടെ ഫലപ്രാപ്തി ഉള്ളും പുറവും അറിയുന്ന സര്‍വജ്ഞന് വിട്ടുകൊടുക്കുക. ■